LIBRARY ARCHIVES Kerala Legislative Assembly

സാഹിത്യ അക്കാദമിയുടെ കെട്ടിട നവീകരണ പദ്ധതി

133 (3895) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാഹിത്യ അക്കാദമിയുടെ കെട്ടിട നവീകരണ പദ്ധതി പൂർത്തിയായിട്ടുണ്ടോ ;

(ബി) എത്ര കോടി രൂപയാണ് സംസ്ഥാന സർക്കാർ സാഹിത്യ അക്കാദമിക്കായി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സാഹിത്യ അക്കാദമിയിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൂർത്തിയായിട്ടുണ്ട്.

(ബി) സാഹിത്യ അക്കാദമിയുടെ നിലവിലുള്ള കെട്ടിടവും ആഡിറ്റോറിയവും നവീകരിക്കുന്നതിനായി 70,00,000 രൂപയും സുവർണ്ണജൂബിലി സ്മാരക നിർമ്മാണത്തിന് 1,25,00,000 രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ അക്കാദമിയുടെ ശുപാർശകളൊന്നും ലഭിച്ചിട്ടില്ല.

അവശകലാകാരൻമാരുടെ ക്ഷേമം

134 (3896) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ്ജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശകലാകാരൻമാരുടെ ക്ഷേമത്തിനായി നടത്തിയ ലോട്ടറി വില്പനയിലൂടെ ലഭിച്ച തുക സമാഹരിച്ചതിനുശേഷം പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാക്കിയിട്ടുണ്ടോ ; എങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ലോട്ടറി വില്പനയിലൂടെ സമാഹരിച്ച തുക വിനിയോഗിച്ച് എത്ര അവശകലാകാരൻമാർക്ക് ധനസഹായം നല്കിയെന്നും ഇവ ഏതു കാലയളവിൽ നല്കിയെന്നും വ്യക്തമാക്കുമോ ;

(സി) ഈ ഇനത്തിൽ ആകെ എത്ര തുക ഇതുവരെ ചെലവഴിച്ചു ; നീക്കിയിരിപ്പ് എത്ര ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കലാകാരൻമാരുടെ ക്ഷേമത്തിനായി നടത്തിയ ലോട്ടറി വിൽപ്പനയിലൂടെ ലഭിച്ച തുക കലാകാരൻമാർക്കും സാഹിത്യകാരൻമാർക്കുമായി രൂപീകരിക്കാനുദ്ദേശിക്കുന്ന സമഗ്ര ക്ഷേമനിധിയിലൂടെ ഉപയോഗിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ക്ഷേമനിധി രൂപീകരണം അടിയന്തിരമായി നടപ്പിലാക്കുന്നതാണ്. അതിനുശേഷം തുക വിനിയോഗിച്ച് തുടങ്ങും.